കേരള സർക്കാർ

# മഴവന്നൂർ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.1)2242/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ തീയതി : 17.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഴുവന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മഴുവന്നൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലേയും 3-ലേയും ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(പി.1) 2242/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in
തീയതി : 17.01.2017

# എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 13.02.2016 മുതൽ 22.12.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു,ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ 30.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | മിനു.പി.കെ. ഓഡിറ്റ് ഓഫീസർ |
| | ജോമോൾ എം. ജോണി, അസി. ഓഡിറ്റ് ഓഫീസർ |
| | മേഴ്സി.കെ.പി., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.കെ.സോമൻ | 1.4.2015മുതൽ 31.03.2016വരെ |
| സെക്രട്ടറി | എം.എൻ.മോഹനൻ | 1.4.2015മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | യു.കെ.സുരേന്ദ്രൻ | 1.4.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ.പി.സോമൻ | 1.4.2015മുതൽ 31.03.2016 വരെ |
| കൃഷിഓഫീസർ | ഉഷാമേരിഡാനിയേൽ | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ലീന പോൾ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ. സലിം രാമൻ | 01.4.2015മുതൽ01.08.2015വരെ |
| | ഡോ.അർച്ചന.എസ്.ആർ | 02.08.2015മുതൽ31.12.2015വരെ |
| | ഡോ. മഞ്ജു.ടി.വി. | 1.01.2016 മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. മഞ്ജുള.കെ.എൻ | 1.4.2015മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (പി. എച്ച്. സി) | ഡോ. ഷീന മോൾ.ടി.കെ | 1.4.2015മുതൽ31.3.2016വരെ |
| വി.ഇ.ഒ. ,നെല്ലാട് | റഷീദ.ടി.ഐ. | 1.4.2015മുതൽ 31.3.2016വരെ |
| വി.ഇ.ഒ., മഴവന്നൂർ | അനൂപ് പോൾ | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഷൈമ.ജെ | 01.04.2015മുതൽ04.10.2015വരെ |
| | റഫീന. ബീവി. | 05.10.2015മുതൽ31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഇന്ദിര.എം.കെ. | 01.04.2015മുതൽ31.12.2015വരെ |
| | ശ്രീജ ഗോപിനാഥ് | 01.01.2016മുതൽ31.03.2016വരെ |
| ഹെഡ് മാസ്റ്റർ, ഗവ.എൽപി.എസ്. ഐരാപുരം | കെ.എം.സലിം | 01.04.2015മുതൽ02.06.2015വരെ |
| | മിനി പോൾ | 03.06.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |

| | | |
|---|---|---|
| | ഭാഗം 2 | |
| 13 | നികുതി ഒഴിവാക്കൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 2-1 |
| 14 | തൊഴിൽ നികുതി | 2-2 |
| 15 | D& O ലൈസൻസ് | 2-3 |
| 16 | മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കുന്നില്ല. | 2-4 |
| | ഭാഗം-3 | |
| 17 | പ്രൊഫഷണൽ കോഴ്സ് വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ | 3-1 |
| 18 | വിദ്യാർഥിനികൾക്ക് സൈക്കിൾ – മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-2 |
| 19 | എസ്.റ്റി വിദ്യാർഥികൾക്ക് പഠനോപകരണം-അപാകതകൾ | 3-3 |
| 20 | ടെണ്ടർ നടപടികളിലെ അപാകത മൂലം പഞ്ചായത്തിന് നഷ്ടം | 3-4 |
| 21 | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ- (എസ്008/16)- മരുന്നുകൾ ലഭിച്ചിട്ടില്ല | 3-5 |
| 22 | മീഡിയാശ്രീ-അപാകതകൾ | 3-6 |
| 23 | ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ദിവസവേതനം -അപാകതകൾ | 3-7 |
| 24 | ചെലവുരേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു | 3-8 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം1 |
| 35 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം2 |
| 36 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം3 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 19.03.2015ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | 2015-16 | |
|---|---|---|
| | വരവ് (₹) | ചെലവ് (₹) |
| ബജറ്റ് പ്രകാരം | 11,65,21,000 | 11,96,38,000 |
| വാർഷിക കണക്ക് പ്രകാരം | 6,25,78,479 | 75902690 |
| വ്യത്യാസം | 53942521 | 43735310 |

ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ 54% മാത്രം വരവും 63% മാത്രം ചെലവും മാത്രമേ യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളൂ. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതാണ് .

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 05.07.2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2015-16 | സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. |

അക്കൗണ്ട്സ് പരിശോധനയിൽ ബി ഫണ്ട് വരവിൽ പിശകുള്ളതായി കാണുന്നു. തൊഴിലില്ലായ്മവേതനം ഇനത്തിൽ വരവായി ചേർത്തിരിക്കുന്നത് 339480 എന്നാണ്. യഥാർഥത്തിൽ ഇത് 288840/- രൂപയാണ്.

# 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 18337451.00 |
| വരവ് | 6,25,78,479 |
| ആകെ | 80915930.00 |
| ചെലവ് | 75902690.00 |
| നീക്കിയിരിപ്പ് | 5013240.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 10000 | 8950264 | 2870845 | 11831109 | 11831109 | 0 | 100% |
| വികസന ഫണ്ട് എസ്. സി.പി. | 1142270 | 5701648 | 0 | 6843918 | 6843918 | 0 | 100% |
| വികസന ഫണ്ട് ടി.എസ്. പി. | 0 | 214000 | 0 | 214000 | 214000 | 0 | 100% |
| സി.എഫ്. സി | 997608 | 8214039 | | 9211647 | 9211647 | 0 | 100% |
| KLG SDP | 4453781 | 162900 | | 4616681 | 4616681 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1222020 | 4055474 | 0 | 5277494 | 5277494 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 2244202 | 14155074 | 0 | 16399276 | 16399276 | | 100% |
| എം.എൻ. ആർ.ഇ. ജി.എസ്. | 1397.00 | 19036977 | 0 | 19038374 | 19037529 | 845 | 99.9% |
| ബി ഫണ്ട് | 0 | 25973649 | 0 | 25973649 | 25973649 | 0 | 100% |

(എം.എൻ.ആർ.ഇ.ജി.എസ്. - ന്റെ EFMS വഴിയുള്ള വരവ് ചെലവുകളും ചേർത്ത തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
ബി ഫണ്ടിൽ തൊഴിലില്ലായ്മ വേതനമിനത്തിൽ യഥാർത്ഥത്തിൽ ചെലവ് ചെയ്തത് 288840/- രൂപയാണ്. ഈ തുക തെറ്റായി 339480/- ആയാണ് വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിരുന്നത്. യഥാർത്ഥത്തിലുള്ള ചെലവ് തുകയാണ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്)

# 1-6 പദ്ധതി അവലോകനം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 4 | 4 | 876000 | 844940 | 96% |
| വെറ്ററിനറി സർജൻ | 2 | 2 | 70000 | 70000 | 100% |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 2 | 2 | 70000 | 70000 | 100% |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 1 | 400000 | 4,00000 | 100% |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100% |
| വി.ഇ.ഒ | 9 | 3 | 7303900 | 3610000 | 49% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 4283700 | 3273993 | 76% |
| സെക്രട്ടറി | 14 | 10 | 5138228 | 3317090 | 65% |
| എച്ച്.എം., എൽ.പി. സ്കൂൾ | 4 | 4 | 1979932 | 1868365 | 94% |
| അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി | 176 | 137 | 52839795 | 38388107 | 73% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 | 100% |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 6290500 | 5317067 | 85% |
| ആകെ | 229 | 179 | 79952055 | 57859562 | 72% |

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് 229 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും 179എണ്ണം മാത്രമാണ് നടപ്പിലാക്കുവാൻ കഴിഞ്ഞത്. അടങ്കൽ തുകയുടെ ആകെ 49%മാത്രമാണ് വി.ഇ.ഒ ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച 9 പദ്ധതികളിൽ 6 എണ്ണം നടപ്പിലാക്കുവാൻ വി.ഇ.ഒ-യ്ക്ക് കഴിഞ്ഞിട്ടില്ല. 176 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 137 എണ്ണം മാത്രമാണ് എ.ഇ.നടപ്പിലാക്കിയത്. അടങ്കൽ തുകയുടെ 73% മാത്രമാണ് എ.ഇ. ചെലവഴിച്ചിട്ടുള്ളത്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6.93 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 6466803 | 6212513 | (-) 254290 | (-) 3.93 |
| നികുതിയേതര വരവുകൾ | 1995764 | 1630957 | (-) 364807 | (-) 18.27 |
| മറ്റുവരവുകൾ | 16632 | 47927 | 31295 | (+) 188 |
| ആകെ | 8479199 | 7891397 | (-) 587802 | (-) 6.93 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 288840 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 5674800 | 1017 |
| വിധവാപെൻഷൻ | 8378400 | 1125 |
| വാർദ്ധക്യകാലപെൻഷൻ | 8070000 | 1167 |
| വികലാംഗപെൻഷൻ | 2535400 | 358 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 396800 | 56 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 190000 | 8 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2016 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20995/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നൽക പ്പെട്ടവ രുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|
| | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ | |
| 1545 | 1545 | 10814 | 49 | 65703 | 76566 | 89 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 623 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 623 |

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/11/2016 | 09/2016 | 28.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2014 | 2009-10 to 2013-14. | 14.07.2014 |

## 1-12 ഓഡിറ്റ് ഇംപാക്റ്റ്

പഞ്ചായത്തിൽ റഗുലറൈസേഷൻ ഫീസിനത്തിൽ ലഭിക്കേണ്ടിയിരുന്ന 402/-രൂപ ഓഡിറ്റ് എൻക്വയറി 14 പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഈ തുക 30.12.2016 ൽ രസീത് നം. 11603105652 പ്രകാരം അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി ഒഴിവാക്കൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

മഴവന്നൂർ ഗ്രാമ പഞ്ചായത്തിലെ 2015-16 വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധനയിൽ, തദ്ദേശ സ്വയംഭരണ (ആർ. ഡി.) വകുപ്പിന്റെ 27.05.2015 ലെ ഉത്തരവ് നം. 144/15പ്രകാരം പൂർണ്ണമായി വസ്തു നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ ഉള്ളതായി കണ്ടു.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേരും വിലാസവും |
|---|---|---|
| 1 | IV 305 A | അച്ചാമ്മ വർഗ്ഗീസ്, പാണ്ടാർപ്പിള്ളിൽ, തൃക്കളത്തൂർ. പി.ഒ. |
| 2 | V 13 A | അനിത സാംബശിവൻ, മുതുക്കാട്ടുശ്ശേരിയിൽ, തൃക്കളത്തൂർ. പി.ഒ. |

നികുതി ഒഴിവാക്കപ്പെട്ട കെട്ടിട ഉടമകളിൽ നിന്ന് സർക്കാർ ഉത്തരവ് (എം.എസ്) നം.358/15 തസ്വഭവ. തീ. 16.12.2015 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല. നികുതി ഒഴിവാക്കപ്പെട്ട കെട്ടിട ഉടമകളിൽ നിന്ന് മേൽപ്പറഞ്ഞ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരെ പ്രസ്തുത ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി

മഴവന്നൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്വാറികളിൽ Government of India Metalliferous Mines Regulations 1961 പ്രകാരം Manager/ Foreman തസ്തികയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ / ഉടമയുടെ പേര് | Mines Regulations 1961 പ്രകാരം Manager/ Foreman തസ്തികയിലെ ജീവനക്കാരുടെ പേര് |
|---|---|---|
| 1 | Eldo Kuruvila, Managing Partner, Cochin Granites Pulickal Associates, Cheenikkuzhy | 1. A.P. Moses , Second class Mines Manager, Mamatha Nilayam, Kanthi Lay-out, Tharalabalu Nagar, Karnataka.<br>2. Mohankumar, II Ward, Old Fort Street, |

| | | |
|---|---|---|
| | | Bellery Dt, Karnataka. |
| 2. | P.N. Rajan, Managing Partner, Modern Cement Bricks, Irapuram. | Adhil Pasha, Doddu Village, Oorgam Dt, Karnataka |

എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കിയവരുടെ ലിസ്റ്റിൽ മേൽ ജീവനക്കാരുടെ പേരില്ല. ക്വാറികളിൽ സുരക്ഷാ കാരണങ്ങളാൽ, Government of India Metalliferous Mines Regulations 1961 പ്രകാരം Manager/ Foreman തസ്തികയിൽ നിയമനത്തിന്റെ അടിസ്ഥാനത്തിലാണ് Mine Safety Directorate , ക്വാറികൾക്ക് പ്രവർത്തന അനുമതി നൽകുന്നത് എന്ന കാരണത്താൽ പഞ്ചായത്ത് ഈ വിഷയം ഗൗരവമായി പരിഗണിക്കേണ്ടതാണ്. നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 D & O ലൈസൻസ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ മെഡിക്കൽ ഷോപ്പുകൾ എന്നിവയുടെ വാർഡ്തല ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് രാജ് നിയമം 205 B മുതൽ F വരെ , 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 10, 13, എന്നിവ പ്രകാരം നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ D& O ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന 20റേഷൻ കടകൾക്ക് 1996 ലെ പഞ്ചായത്ത് രാജ് ( ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 1 (10) പട്ടിക 1 ലെ ക്രമ നമ്പർ 149 പ്രകാരം ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. D& O ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഇല്ല എന്ന് ഉറപ്പാക്കി, ഈയിനത്തിൽ തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ എണ്ണവും അവയിൽ നിന്നുള്ള നികുതി വരവിന്റെ വിശദവിവരവും ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.1) ന് താഴെ പറയും പ്രകാരം 14 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി മറുപടി ലഭ്യമാക്കി.

| നം. | കെട്ടിട നം. | | നം. | കെട്ടിട നം. |
|---|---|---|---|---|
| 1 | 7/179 A | | 8 | 15/157 A |
| 2 | 8/341 A | | 9 | 17/164 A |
| 3 | 2/681 A | | 10 | 15/100 A |
| 4 | 2/685 A | | 11 | 17/203 A |

| | | | |
|---|---|---|---|
| 5 | 10/570 A | 12 | 1/552 A |
| 6 | 3/ 74 B | 13 | 9/377X |
| 7 | 6/170 U | 14 | 19/384A, 19/384 B |

എന്നാൽ, ഓഡിറ്റ് കാലയളവിൽ മേൽപ്പറഞ്ഞവയിൽ നിന്ന് നികുതിയിനത്തിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ല. ഇവയിൽ നിന്ന് നിയമാനുസൃതമുള്ള നികുതി ഈടാക്കി, പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊഫഷണൽ കോഴ്സ് വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്-അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | പ്രൊഫഷണൽ കോഴ്സ് വിദ്യർഥികൾക്ക് സ്കോളർഷിപ്പ്, എസ് 0210/16 |
| അടങ്കൽ | 625000 |
| ചെലവ് വിവരം | ബിൽ നം. 20/14.3.16-250000/-<br>ബിൽ നം. 21/14.3.16-125000/-<br>ബിൽ നം. 34/31.3.16-25000/-<br>ബിൽ നം. 30/26.3.16-50000/-<br>ബിൽ നം. 31/26.3.16-1,75,000/-രൂപ |

പ്രോജക്ട് പ്രകാരം സ്കോളർഷിപ്പായി 25000/- രൂപ വീതം 25 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ അപാകതകൾ താഴെ ചേർക്കുന്നു.

1)സ്കോളർഷിപ്പ് തുക കൈപ്പറ്റിയ ഉണ്ണി രാജൻ എന്ന കുട്ടി ഗവൺമെന്റ് ജീവനക്കാരിയുടെ ആശ്രിതനാണെന്നും പ്രതിമാസവരുമാനം 11782/- രൂപയാണ് എന്നും റേഷൻ കാർഡിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ 50000/- രൂപയിൽ താഴെ വരുമാനമുള്ളവരായി കണക്കാക്കുവാൻ പാടിയില്ലായെന്നും സബ്സിഡി ആനുകൂല്യങ്ങൾ നൽകുവാൻ പാടില്ലഎന്നും ജി.ഒ(എം.എസ്)362/2013/ത.സ്വ.ഭ.വ.16.11.2013-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായാണ് ഗുണഭോക്താവിന് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്.

2)സുജിതമോൾ എന്ന ഗുണഭോക്താവിന്റെ വരുമാന സർട്ടിഫിക്കറ്റിൽ വടവുകോട് എസ്.സി ഡവലപ്മെന്റ് ഓഫീസിൽ നിന്നും സ്കോളർഷിപ്പിന്റെ ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടിയാണ് സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് വില്ലേജ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് തുക കൈപ്പറ്റിയ ഗുണഭോക്താവ് എസ്.സി ഡവലപ്മെന്റ് ഓഫീസിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3)എല്ലാ ഗുണഭോക്താക്കളും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4)അമ്മു പൊന്നപ്പൻ എന്ന ഗുണഭോക്താവ് പഠിക്കുന്നത് കോലഞ്ചേരി എം.ഒ.എസ്.സി മെഡിക്കൽ കോളേജിലുള്ള ഡിപ്ലോമ ഇൻ ഒപ്റ്റോമെട്രി ആൻഡ് ഒഫ്ത്താൽമിക് ടെക്നോളജി എന്ന കോഴ്സിനാണ്. ഇത് ഗവൺമെന്റ് അംഗീകൃത കോഴ്സ് ആണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല.

5)പ്രൈവറ്റ് പോളിടെക്നിക്കുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.
6)മെറിട്ടോറിയസ് വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് മാർഗരേഖയിൽ(ജി.ഒ(എം.എസ് )362/2013/ത.സ്വ.ഭ.വ.16.11.2013-) നിർദ്ദേശിച്ചിരിക്കുന്നത് എങ്കിലും ആയത് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ സർക്കാർ ജീവനക്കാരിയുടെ ആശ്രിതനായ ഗുണഭോക്താവിന് സ്കോളർഷിപ്പ് നൽകുന്നതിനു വേണ്ടി ചെലവഴിച്ച 25000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ബാക്കിയുള്ള ചെലവു തുകയായ 6,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-2 <u>വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വാങ്ങൽ - മാർഗ്ഗരേഖയ്ക്കു വിരുദ്ധം.</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സബ്സിഡി ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

1)<u>പ്രോജക്ടിന്റെ പേര്/നമ്പർ-:എസ്.ടി. വിദ്യാർത്ഥിനികൾക്ക് സൈക്കിൾ,എസ് 0244/16</u>

| | |
|---|---|
| അടങ്കൽ | 22500 |
| ചെലവ് വിവരം | 29/23.3.16-16,000/-രൂപ |

പ്രോജക്ട് പ്രകാരം 4000/- രൂപ വിലയുള്ള സൈക്കിൾ അമ്പഴച്ചാലിൽ ഏജൻസീസിൽ നിന്നും (ഇൻവോയ്സ് നം.1061/15.3.2016)വാങ്ങി 4 പേർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ അപാകതകൾ താഴെ ചേർക്കുന്നു.
i) സോന സുനിൽ എന്ന കുട്ടിക്ക് സൈക്കിൾ നൽകിയിട്ടുണ്ട്. റേഷൻ കാർഡിൽ ഈ കുട്ടി പൊതുമേഖല സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തോമസ് വി.ജി. വഴിയിലാനിക്കൽ എന്ന വ്യക്തിയുടെ ആശ്രിതയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ 50000/- രൂപയിൽ താഴെ വരുമാനമുള്ളവരായി കണക്കാക്കുവാൻ പാടിയില്ലായെന്നും സബ്സിഡി ആനുകൂല്യങ്ങൾ നൽകുവാൻ പാടില്ല എന്നും ജി.ഒ(എം.എസ്)362/2013 /ത.സ്വ.ഭ.വ.16.11.2013-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായാണ് ഗുണഭോക്താവിന് സൈക്കിൾ വാങ്ങി നൽകിയിരിക്കുന്നത്.
ii)സാന്ദ്ര മനോഹർ എന്ന കുട്ടി സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റിൽ കുട്ടി താമസിക്കുന്നത് വെങ്ങോല ഗ്രാമ പഞ്ചായത്തിൽ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പഞ്ചായത്തിൽ സമർപ്പിക്കുന്നതിനു വേണ്ടിയാണ് സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് വില്ലേജ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കുട്ടി രണ്ട് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. മഴവന്നൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരിയാണ് ഗുണഭോക്താവെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.
ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3) ലഭ്യമാക്കിയ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽഈ രണ്ടു ഗുണഭോക്താക്കൾക്ക് സൈക്കിൾ വാങ്ങി നൽകുവാൻ ചെലവഴിച്ച 8000/- രൂപയിൽ 4000/- രൂപഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി തുകയായ 4000/- രൂപഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)<u>പ്രോജക്ടിന്റെ പേര്/നമ്പർ-:എസ്.സി. വിദ്യാർത്ഥിനികൾക്ക് സൈക്കിൾ,എസ്0243/16</u>

| | |
|---|---|
| അടങ്കൽ | 450000 |

| | |
|---|---|
| ചെലവ് വിവരം | ബിൽ നം.28/23.3.16-2,24,000/-രൂപ |

പ്രോജക്ട് പ്രകാരം 4000/- രൂപ വിലയുള്ള സൈക്കിൾ അമ്പഴച്ചാലിൽ ഏജൻസീസിൽ നിന്നും (ഇൻവോയ്സ് നം.1060/15.3.16)56 ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ അപാകതകൾ താഴെ ചേർക്കുന്നു.

i) സൈക്കിൾ കൈപ്പറ്റിയ അപർണ്ണ എം.എസ്. എന്ന കുട്ടിയുടെ റേഷൻ കാർഡിൽ ഈ കുട്ടി സർക്കാർ സേവനം ചെയ്യുന്നയാളുടെ ആശ്രിതയാണെന്ന് (പിതാവ്-ശശി എം.കെ) വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത ഗുണഭോക്താക്കളെ 50000/- രൂപയിൽ താഴെ വരുമാനമുള്ളവരായി കണക്കാക്കുവാൻ പാടിയില്ലായെന്ന് ജി.ഒ(എം.എസ്)362/2013 /ത.സ്വ.ഭ.വ.16.11.2013-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായാണ് ഗുണഭോക്താവിന് സൈക്കിൾ വാങ്ങി നൽകിയിരിക്കുന്നത്.

ii)പ്രോജക്ടിന്റെ ഗുണഭോക്താവായ സേതുലക്ഷ്മി രാജ് എന്ന കുട്ടി സമർപ്പിച്ച വരുമാന സർട്ടിഫിക്കറ്റിൽ കുടുംബത്തിന്റെ വാർഷിക വരുമാനം 235008/-രൂപയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ റേഷൻ കാർഡിൽ എ.പി.എൽ കുടുംബമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.സബ്സിഡി മാർഗരേഖയിൽ 50000/- രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ രണ്ടു ഗുണഭോക്താക്കൾക്ക് സൈക്കിൾ വാങ്ങി നൽകുവാൻ ചെലവഴിച്ച 8000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

# 3-3 എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണം- അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജകടിന്റെ പേര്/നമ്പർ | എസ്.ടി. വിദ്യാർത്ഥികൾക്ക് പഠനോപകരണം, എസ്0244/16 |
| അടങ്കൽ | 40000 |
| ചെലവ് വിവരം | ബിൽ നം. 29/23.3.16- 39,400/-രൂപ |

പ്രോജക്ട് പ്രകാരം 2450/-രൂപ വിലയുള്ള മേശയും 1490/- രൂപ വിലയുള്ള കസേരയും തൃപ്പൂണിത്തുറ സിയോൺ ഏജൻസീസിൽ നിന്നും (ഇൻവോയ്സ് നം.6/16.2.16) വാങ്ങി പത്ത് കുട്ടികൾക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ അപാകതകൾ താഴെ ചേർക്കുന്നു.

1) സോന സുനിൽ എന്ന കുട്ടിക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്. റേഷൻ കാർഡിൽ ഈ കുട്ടി പൊതുമേഖല സ്ഥാപനത്തിൽ ജോലി ചെയ്യുന്നയാളുടെ ആശ്രിതയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ 50000/- രൂപയിൽ താഴെ വരുമാനമുള്ളവരായി കണക്കാക്കുവാൻ പാടിയില്ലായെന്ന് ജി.ഒ(എം.എസ്)362/2013/ത.സ്വ.ഭ.വ.16.11.2013-ൽ നിർദ്ദേശിച്ചിട്ടുണ്ട്. സബ്സിഡി ആനുകൂല്യങ്ങൾ 50000/- രൂപയിൽ താഴെ വരുമാനമുള്ളവർക്കായി പരിമിതപ്പെടുത്തേണ്ടതാണ് എന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായാണ് ഗുണഭോക്താവിന് പഠനോപകരണം വാങ്ങി നൽകിയിരിക്കുന്നത്.

2)സച്ചിൻ മനോഹർ എന്ന കുട്ടി സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റിൽ കുട്ടി താമസിക്കുന്നത് വെങ്ങോല ഗ്രാമ പഞ്ചായത്തിൽ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പഞ്ചായത്തിൽ സമർപ്പിക്കുന്നതിനു വേണ്ടിയാണ് സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് വില്ലേജ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കുട്ടി രണ്ട് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. മഴവന്നൂർ

ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരിയാണ് ഗുണഭോക്താവെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ രണ്ടു ഗുണഭോക്താക്കൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് ചെലവാക്കിയ 7880/-രൂപയിൽ 3940/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.ബാക്കി തുകയായ 3940/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ടെണ്ടർ നടപടികളിലെ അപാകത -പഞ്ചായത്തിന് നഷ്ടം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര്/നമ്പർ | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ, സ്കാനർ വാങ്ങൽ, എസ് 0254/16 |
| അടങ്കൽ | 168529 |
| ചെലവ് വിവരം | ബിൽ നം.9/27.10.2015-166109/-രൂപ (വൗച്ചർ നം .229000/27.10.2015) |

പ്രോജക്ട് പ്രകാരം 166109/-രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, 6പ്രിന്റർ, 3സ്കാനർ എന്നിവ യൂണികോം ഇൻഫോടെലിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.റ്റി.ആർ ഡി /006/1323/15-16/8.10.2015) പ്രോജക്ടിന്റെ അപാകതകൾ താഴെ ചേർക്കുന്നു.
കാനൺ lide120 എന്ന സ്കാനറാണ് പഞ്ചായത്ത് വാങ്ങിയിരിക്കുന്നത്.ടെണ്ടറിൽ ഈ സ്കാനറിന് ഏറ്റവും കുറഞ്ഞ വിലയായ 3675/-രൂപ തുക ക്വോട്ട് ചെയ്തത് ഫ്യൂച്ച്യൂറ ഓട്ടോമേഷൻ എന്ന സ്ഥാപനമാണ്. എന്നാൽ സ്കാനറുകൾ വാങ്ങിയിരിക്കുന്നത് ഇതേ സ്കാനറുകൾക്ക് 4350/-രൂപ ക്വോട്ട് ചെയ്ത യൂണികോം ഇൻഫോടെലിൽ നിന്നുമാണ്.മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ അധികമായി ചെലവഴിച്ച 2025/-രൂപ [3x(4350-3675)] ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ- (എസ് 008/16)-മരുന്നുകൾ ലഭിച്ചിട്ടില്ല

പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ലേക്ക് 2,16,000/- ബിൽ നം.5/22.3.16 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 104945/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല. അതിനാൽ ലഭ്യമാകാത്ത മരുന്നുകളുടെയും ഉപകരണങ്ങളുടെയും തുക 104945/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

## 3-6 മീഡിയാശ്രീ - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നമ്പർ | മീഡിയാശ്രീ, |

| | |
|---|---|
| | എസ്.0246/2015-16 |
| ചെലവ് വിവരം | ബിൽ നം.27/29.3.16<br>₹.65,000/- |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | സെക്രട്ടറി |

പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 65000/-രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ ഡി.ഡി.(നം.149919/31.3.16) എടുത്തിട്ടുണ്ട്. എന്നാൽ ഡി.ഡി.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഓഫീസിൽ കൈപ്പറ്റിയിട്ടില്ല. ഡി.ഡി. പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. തുക നാളിതുവരെ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം10)നൽകിയ മറുപടിയിൽ തുക തിരിച്ചടക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക നാളിതുവരെ തിരിച്ചടക്കാത്തതിനാലും, തിരിച്ചടക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ലാത്തതിനാലും 65000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-7 ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ദിവസവേതനം -അപാകതകൾ

2015-16 വർഷത്തെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ ജലജാകുമാരി,ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് ദിവസവേതനം നൽകിയിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ശ്രീമതി.ജലജാകുമാരിയെ ഗ്രാമ പഞ്ചായത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ ആയി നിയമിക്കുന്നതിനുള്ള പ്രത്യേക സാഹചര്യം എന്തെന്ന് വ്യക്തമല്ല.

2. നിയമനവുമായി ബന്ധപ്പെട്ട കരാർ പത്രിക,നിയമന കാലയളവ്, നിയമിക്കുന്നതിനുള്ള നിയമ പിൻബലം/ഗവ.ഉത്തരവ്. എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമായിട്ടില്ല.

ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം നൽകിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | നൽകിയ തുക |
|---|---|---|
| 1 | 21500013/4-15<br>/03-04-2015 | 10000 |
| 2 | 21500070/5-15<br>/02-05-2015 | 8000 |
| 3 | 21500158/6-15<br>/01-06-2015 | 9600 |
| 4 | 21500276/7-15<br>/01-07-2015 | 4400 |
| 5 | 21500351/8-15<br>/01-08-2015 | 5600 |
| 6 | 21500525/10-15<br>/01-10-2015 | 8800 |
| 7 | 21500586/11-15<br>/12-11-2015 | 10200 |
| | | 56600 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 13) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ്തുക 56600/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 3-8 ചെലവുരേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

ഹെഡ് മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു..

| പ്രോജക്ടിന്റെ പേര്/നം | ചെലവഴിച്ച തുക | ചെക്ക്നം/ ഡി.ഡി.നം | അപാകത |
|---|---|---|---|
| എസ്.എസ്.എൽ. സി പ്ലസ്ടു വിദ്യാർഥികൾക്ക് അവാർഡ്(എസ്0249/16) | 30000/- | 170564/26.2.16 | 1)കാഷ് അവാർഡ് ലഭിച്ച കുട്ടികൾ പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല<br>2)എസ്.എസ്.എൽ.സി ,പ്ലസ്ടു പരീക്ഷകൾക്ക് ഉന്നതവിജയം കരസ്ഥമാക്കിയവർക്കാണ് കാഷ് അവാർഡ് നൽകുന്നതെന്ന് പ്രോജക്ടിൽ രേഖപ്പെടുത്തിയെങ്കിലും തുക കൈപ്പറ്റിയ എല്ലാ വിദ്യാർഥികളുടെയും മാർക്ക് ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. |
| സാക്ഷരതാപഠനസഹായം-പത്താം തരം തുല്യത,എസ്.0098/16 | 24000 | 149764/31.3.16 | പ്രോജക്ട് പ്രകാരം 16 ഗുണഭോക്താക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരതാമിഷൻ ഓഫീസിൽ അടച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ തുല്യതാപഠനത്തിന് ഹാജരായതിന്റെ വിവരങ്ങൾ, പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ,കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയില്ല |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുകയായ

54000/-രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 166180 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 166180 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയു ടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന നിർമ്മാണം | സ.ഉ.നം. 952/2010 ത.സ്വ.ഭ.വ/ 19.03.2010 | 16564485 | 9197240 | 1656449 | 0 | 7540791 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 39939/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 23 | 20 | ടി.എ.അരവിന്ദാക്ഷൻ, മുൻ സെക്രട്ടറി | 11503100391 /18.4.2015 |
| 1999-2000 | 24 | 80 | ടി.എ.അരവിന്ദാക്ഷൻ, മുൻ സെക്രട്ടറി | 11503100395 /18.4.2015 |
| 1999-2000 | 24 | 40 | വസന്തകുമാരി മുൻ സെക്രട്ടറി | 11503100396 /18.4.2015 |
| 1997-98 | 19 | 50 | രത്നാഭായി മുൻ സെക്രട്ടറി | 11503100511 /23.4.2015 |
| 1997-98 | 19 | 49 | വെറ്റിനറി സർജൻ | 11503100519 /23.4.2015 |
| 2005-06 | 2-1എ | 60 | ജഗദീഷ്,മുൻ സെക്രട്ടറി | 11503102163 /13.8.15 |
| 2005-06 | 2-2എ | 90 | ജഗദീഷ്,മുൻ സെക്രട്ടറി | 11503102164 /13.8.15 |
| 2005-06 | 2-3 എ | 100 | ജഗദീഷ്,മുൻ സെക്രട്ടറി | 11503102165 /13.8.15 |
| 2005-06 | 2-1 (ബി) | 4650 | ഹെഡ്മാസ്റ്റർ, H.S.S. വളയൻചിറങ്ങര | 11503102595 /11.9.15 |
| 2013-14 | 3-2 | 5000 | ആശ രവി, ഡാറ്റ് എൻട്രി ഓപ്പറേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 11503103749 /5.12.15 |
| 2013-14 | 2-1 | 1500 | പി.കെ.പ്രസാദ് | 11503104353 /28.1.16 |
| 2013-14 | 2-1 | 1500 | ആഷ്ലി ജോൺ തരകൻ | 11503104406 /1.2.16 |
| 2013-14 | 2-1 | 2000 | ജോൺ മത്തായി തരകൻ | 11503104407 /1.2.16 |

| | | | | |
|---|---|---|---|---|
| 2013-14 | 2-1 | 1500 | ഏലിയാസ് എം.വി. | 11503104435 /2.2.16 |
| 2013-14 | 2-1 | 1500 | കെ.കെ.മുരളി | 11503104453 /4.2.16 |
| 2013-14 | 2-1 | 2000 | ടി.ടി.സതീശൻ | 11503104454 /4.2.16 |
| 2011-12 | 2-1 | 1198 | ലീല ഇ.എം.മുൻ സെക്രട്ടറി | 11503104458 /4.2.16 |
| 2008-09 to 2010-11 | 3-2(1)<br>3-2(2)<br>3-3(1)<br>3-3(2)<br>3-4(1)<br>3-4(2)<br>3-5 | 14102 | ദീപ.സി. | 11503104667 /15.2.16 |
| 2013-14 | 2-1 | 1500 | എം.ഐ.മുഹമ്മദ് | 11503105254 /3.3.16 |
| 2013-14 | 2-1 | 1500 | പവിത്രൻ.വി.എൻ. | 11503105935 /22.3.16 |
| 2013-14 | 2-1 | 1500 | സഞ്ജു.പി.കെ. | 11503106126 /30.3.16 |
| ആകെ | | 39939/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 41 | 2002-03<br>2004-05 | Vii-1.7.9(ii) | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തയ്യൽ മെഷീനുകൾ വിതരണം ചെയ്തത്. | 09.12.2010ലെ സ.ഉ.(സാധാരണ) നം. 3867/10ത.സ്വ.ഭ.വ. പ്രകാരം സാധൂകരണം ലഭിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | Vii – 1.7.10(i) | വീട് അറ്റകുറ്റപ്പണികൾക്ക് ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകിയത് | സർക്കാർ സാധൂകരണം ലഭിക്കുന്നതിനായി ജില്ലാതല മോണിട്ടറിംഗ് സമിതിയുടെ ശുപാർശയോടെ സമർപ്പിച്ചിരിക്കുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62578479 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75902690 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 42965 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 888485 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25000 | യു.കെ.സുരേന്ദ്രൻ,അസി.സെക്രട്ടറി |
| 3-2 | | 12000 | യു.കെ.സുരേന്ദ്രൻ,അസി.സെക്രട്ടറി |
| 3-3 | | 3940 | യു.കെ.സുരേന്ദ്രൻ,അസി.സെക്രട്ടറി |
| 3-4 | | 2025 | എം.എൻ.മോഹനൻ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 600000 | യു.കെ.സുരേന്ദ്രൻ, അസി. സെക്രട്ടറി |
| 3-2 | 4000 | യു.കെ.സുരേന്ദ്രൻ, അസി. സെക്രട്ടറി |
| 3-3 | 3940 | യു.കെ.സുരേന്ദ്രൻ, അസി. സെക്രട്ടറി |
| 3-5 | 104945 | ഡോ. ഷീനമോൾ.ടി.കെ., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-6 | 65000 | എം.എൻ.മോഹനൻ,സെക്രട്ടറി |
| 3-7 | 56600 | എം.എൻ.മോഹനൻ,സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 54000 | മിനിപോൾ, ഹെഡ് മിസ്ട്രസ്സ്. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എൻ.മോഹനൻ,സെക്രട്ടറി | സെക്രട്ടറി, മഴുവന്നൂർ ഗ്രാമപഞ്ചായത്ത് | മുണ്ടേക്കുടിയിൽ, ഐരാപുരം.പി.ഒ. |
| യു.കെ.സുരേന്ദ്രൻ, അസി. സെക്രട്ടറി | അസി. സെക്രട്ടറി , മഴുവന്നൂർ ഗ്രാമപഞ്ചായത്ത് | ഉപ്പൂട്ടിൽ പറമ്പിൽ വീട്, കുലയറ്റിക്കര.പി.ഒ., കുലയറ്റിക്കര 682317 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | കെ.എസ്.എ (ഇ.കെ.എം )പി1 721/2015 തീ.23.9.2015 |
| 2005-06 | എൽ.എഫ്.ഇ.(പി1)1059/07/12.2.2008 |
| 2006-07 | എൽ.എഫ്.ഇ.(പി1)139/09/24.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി1)140/09/24.11.2009 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ.(പി1)169/13/13.02.2013 |
| 2011-12<br>2012-13 | എൽ.എഫ്.ഇ.(പി1)959/2014/12.8.2014 |
| 2013-14 | കെ.എസ്.എ. ഇ.കെ.എം. (പി.1) 1812/15/30.11.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി1)1311/2016 / 03.08.2016 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.ഇ.കെ.എം(പി.1)2242/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 17.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ

അഭിപ്രായത്തിൽ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA.EKM(P.1)2242/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 17.01.2017

Certified that I have audited the Annual Financial Statement of MAZHUVANNUR Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of MAZHUVANNUR Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)